പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.174 — 06.02.2019 ൽ മറുപടിയ്ക്ക്

## പ്രളയത്തിൽ ഉപയോഗശൂന്യമായ അരിയുടെ വിതരണം

ചോദ്യം

ശ്രീ.അനിൽ അക്കര
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. കെ.സി.ജോസഫ്
ശ്രീ. സണ്ണി ജോസഫ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഉപയോഗശൂന്യമായതിനെ തുടർന്ന് നീക്കം ചെയ്ത അരി പോളിഷ് ചെയ്ത് സപ്ലൈകോ ലേബലിൽ വീണ്ടും സംസ്ഥാനത്ത് വിതരണം ചെയ്യുവാനായി തമിഴ് നാട്ടിലെ മില്ലുകളിൽ തയ്യാറാക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേടായ അരിയും നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെൻഡർ വഴി നീക്കം ചെയ്തിരുന്നോ; എങ്കിൽ ആരൊക്കെയാണ് ടെൻഡറിൽ പങ്കെടുത്തത്; എത്ര ടൺ ഉപയോഗശൂന്യമായ അരിയാണ് ടെൻഡർ വഴി നല്കിയത്; വ്യക്തമാക്കുമോ; | (ബി) | കേടായ അരിയും നെല്ലും നീക്കം ചെയ്യുന്ന നടപടികൾ പുരോഗിച്ചു വരുന്നു. 26148.239 ടൺ ഉപയോഗ ശൂന്യമായ അരിയാണ് ടെണ്ടർ വഴി നീക്കം ചെയ്യാൻ അനുമതി നൽകിയത്. ടെണ്ടറിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാലിത്തീറ്റക്ക് പോലും ഉപയോഗിക്കരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ച അരി സപ്ലൈകോ വഴി സംസ്ഥാനത്ത് എത്തിയാൽ ഉണ്ടാകാവുന്ന ഗുരുതരമായ ആരോഗ്യപ്രശ്ന ങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | ബഹു. ഹൈക്കോടതിയുടെ 29.11.2018 തീയതിയിലെ WP(C) 34566/18-ാം നമ്പർ അന്തിമ ഉത്തരവ് താഴെ പറയും പ്രകാരമാണ്.<br><br>"Despite finding, prima facie, that the terms and conditions of the tender clearly safeguarded against any possible misuse of the damaged rice and paddy subsequent to the tender process, we took note of the apprehension raised by the petitioners and found that certain additional safeguards would be required in order to ensure that the damaged rice and paddy purchased by the successful tenderers, pursuant to the auction process, did not find its way into the manufacture of edible food products intended for human consumption. We accordingly directed the 2nd |

| | | | |
|---|---|---|---|
| | | | respondent in the Writ Petition to produce a format of the undertaking to be obtained from the successful tenderers, at the time of delivering the purchased goods to them".<br><br>ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് കരാറുകാരുടെയും മില്ലുകളുടെയും വിശദ വിവരങ്ങൾ ഡി.ജി.പി, ഫുഡ് സേഫ്റ്റി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ എന്നിവരെ അറിയിക്കുകയും വിപണിയിലും സംഭരണ ശാലകളിലും നടത്തുന്ന പരിശോധനകളിൽ ഇക്കാര്യം ഉൾപ്പെടുത്തി കർശന നടപടി എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധനകളിലും ഇക്കാര്യം പരിശോധിച്ച് കർശന നടപടി സ്വീകരിക്കുവാൻ വിജിലൻസ് ആഫീസർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ഹരിത ബയോ പ്രൊഡക്ട്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്
2. ശ്രീ ബാലാജി ട്രെഡേഴ്സ്
3. മഹാലക്ഷ്മി അനിമൽ ഫുഡ് പ്രൊഡക്ട്സ്
4. പെൻറഗൺ ഇൻഡസ്ട്രീസ്
5. വസന്ത് എൻറർപ്രൈസസ്
6. അഞ്ജന ട്രെഡേഴ്സ് ആൻറ് എജൻസീസ്
7. ബ്ലൂ സ്റ്റാർ ഏജൻസീസ്
8. തളിയൻ ട്രെഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
9. ജെ.ജെ. ഇൻഡസ്ട്രീസ്
10. ഷാ & അബിസ് ട്രെഡിംഗ് കമ്പനി
11. ജെ.എസ്. ലോജിസ്റ്റിക്സ്
12. അൽ അമീൻ ട്രെഡേഴ്സ്
13. അബ്ബർ ഇംപെക്സ്
14. നദി ബയോ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്
15. റബീകാബീവി
16. ഫ്ലെയ്മക്സ് ഫുഡ്സ് ആൻറ് ഡ്രിങ്ക്സ് പ്രൈവറ്റ് ലിമിറ്റഡ്
17. ചലഞ്ചേഴ്സ് ഗ്രൂപ്പിംഗ് കമ്പനി
18. സൂര്യ ട്രെഡേഴ്സ്
19. സൈറസ് ട്രെഡേഴ്സ്
20. ജോതിസ് കോൺസ്
21. നടരാജ് യുണൈറ്റഡ് അനിമൽ ഫീഡ്സ്
22. ശിവ ശക്തി ട്രെഡേഴ്സ്
23. ഫാൽക്കൺ ഫുഡ് പ്രൊഡക്ട്സ്
24. ബിജു ട്രെഡേഴ്സ്
25. ശ്രീറാം ട്രെഡേഴ്സ്
26. സുർബി കാറ്റിൽ ഫീഡ്

സെക്ഷൻ ഓഫീസർ